**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 6064**
**02.04.2018-ന് മറുപടി നൽകേണ്ടത്**

**കെ.എഫ്.സി.യുടെ വായ്പാനയം**

| | ചോദ്യം | ഉത്തരം |
|---|---|---|
| | **ശ്രീ.അൻവർ സാദത്ത്** | **ഡോ. റ്റി.എം.തോമസ് ഐസക്, ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
| എ. | കെ.എഫ്.സി.യുടെ വായ്പാനയം പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | തീരുമാനിച്ചിട്ടുണ്ട്.<br>കെ.എഫ്.സി.യുടെ വായ്പാനയം പരിഷ്കരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.<br>1.വായ്പകളുടെ പലിശനിരക്ക് പുതുക്കി നിശ്ചയിച്ചു.<br>2.അപേക്ഷകൾ സ്വീകരിക്കുന്നതിനും വായ്പ അനുവദിക്കുന്നതിനുമുള്ള കാലതാമസം ഒഴിവാക്കിക്കൊണ്ട് പുതിയ നടപടിക്രമങ്ങൾ നിശ്ചയിച്ചു.<br>3.ലോൺ അപ്രൈസലിനുവേണ്ടി സോണൽ മാനേജറുടെ കീഴിൽ പ്രത്യേക വിഭാഗം ആരംഭിക്കുന്നു. അങ്ങനെ വിദഗ്ധ ഓഫീസർ മാരുടെ സേവനം എല്ലാ ഓഫീസുകൾക്കും ഒരേ പോലെ ലഭ്യമാകും.<br>4.കോർപ്പറേഷന്റെ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തിക്കൊണ്ട് പുതുക്കിയ പ്രവർത്തന രേഖ നടപ്പിലാക്കുന്നു. |
| ബി. | വായ്പാനയം പരിഷ്കരിക്കുന്നതിനുള്ള തീരുമാനത്തിലൂടെ കിട്ടാക്കടങ്ങൾ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ ; | വായ്പാനയം പരിഷ്കരിക്കുന്നതിനുള്ള തീരുമാനത്തിലൂടെ കൂടുതൽ നല്ല സംരംഭകരെ ആകർഷിക്കാനും കോർപ്പറേഷന്റെ ലോൺ Portfolio കൂട്ടുവാനുമാണ് ലക്ഷ്യമിടുന്നത്. കിട്ടാക്കടങ്ങൾ കുറയ്ക്കുന്നതിന് കോർപ്പറേഷൻ ലക്ഷ്യമിടുന്നുണ്ട്. |

| | | |
|---|---|---|
| സി. | കെ.എഫ്.സി.യുടെ കിട്ടാക്കടം നിലവിൽ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; | കെ.എഫ്.സി നൽകിയ മറുപടി അനുസരിച്ച് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2016-17) കിട്ടാക്കടം 8.51% ആയിരുന്നു. ഈ സാമ്പത്തിക വർഷത്തിലെ (2017-18) ക്രോഡീകരിച്ച കണക്കുപ്രകാരമുള്ള കിട്ടാക്കടം മാർച്ച് 31 -ന് ശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ. |
| ഡി. | കെ.എഫ്.സി ഏർപ്പെടുത്തുന്ന പരിഷ്കാരങ്ങൾ മൂലം ലാഭത്തിൽ എന്ത് കുറവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ; | വായ്പാ നയത്തിൽ കെ.എഫ്.സി ഏർപ്പെടുത്തുന്ന പരിഷ്കാരങ്ങൾ മൂലം പലിശ വരുമാനത്തിൽ താൽക്കാലികമായി കുറവു വരുമെങ്കിലും നല്ല സംരംഭകരെ കണ്ടെത്തി മെച്ചപ്പെട്ട വായ്പകൾ അനുവദിക്കുന്നതിലൂടെയും, കെ.എഫ്.സി.യുടെ വായ്പാ ആസ്തി വർദ്ധിക്കുന്നതിലൂടെയും, കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതു വഴിയും, പ്രസ്തുത കുറവ് നികത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| ഇ. | കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിന് വായ്പാ അദാലത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിന് വായ്പാ അദാലത്ത് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷം (2018-19) പദ്ധതി മെയ് മാസത്തിൽ നടപ്പിൽ വരുത്താനാണ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുള്ളത്. പദ്ധതി സംബന്ധിച്ച് വിശദ വിവരങ്ങൾ ബോർഡ് തീരുമാനിക്കും. |

Sreelatha

**സെക്ഷൻ ഓഫീസർ**